# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 02.07. 2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചയക്ക് 12.30ന് നിയമസഭാ മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.06.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച 2014–15–ലെ 140599 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായതായി യോഗം നിരീക്ഷിച്ചു. ഇവയുടെ മൊത്തം അടങ്കൽ 6839 കോടി രൂപയാണ്. 2832 കോടി രൂപ അടങ്കലുള്ള 65105 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതികൾ ഇതിനോടകം അംഗീകാരം നൽകിയതായും, 4308 കോടി രൂപ അടങ്കലുള്ള 94938 പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതികളുടെ പരിഗണനയിലാണെന്നും നിരീക്ഷിക്കുകയുണ്ടായി.

**2.2** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം 444 ഗ്രാമപഞ്ചായത്തുകളുടെ 2014–15 വാർഷിക പദ്ധതി അംഗീകരിച്ചിട്ടുണ്ടെന്നും, എറണാകുളം, മലപ്പുറം, കോട്ടയം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ പദ്ധതി രൂപീകരണത്തിൽ മുന്നിലാണെങ്കിലും ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ വളരെ പിന്നിലാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. 45 ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ അംഗീകരിച്ചതായി യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. കോർപ്പറേഷനുകളിൽ പദ്ധതി രൂപീകരണത്തിൽ കാര്യമായ പുരോഗതി ഇല്ലെന്നും, എന്നാൽ 13 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.3** 2014–15 പദ്ധതി രൂപീകരണത്തിനുള്ള കാലയളവ് 2014 ജൂലൈ 15 വരെ ദീർഘിപ്പിച്ച് തീരുമാനിച്ചു.

**2.4** 2014–15 പദ്ധതി രൂപീകരണം പൂർത്തീകരിച്ച് അംഗീകാരം നേടിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഉടൻ തന്നെ 2015–16 പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും അതിന് നിലവിലെ ആസൂത്രണ മാർഗരേഖയും സബ്സിഡി മാർഗരേഖയും അവലംബിക്കാമെന്നും തീരുമാനിച്ചു. മാർഗരേഖയിൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടെങ്കിൽ അടിയന്തിരമായി പരിശോധിക്കാൻ കിലയെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി.

**2.5** 2013–14–ലെ ലോകബാങ്ക് ധനസഹായം വിനിയോഗിക്കുന്നതിനുള്ള കാലയളവ് 31.07.2014 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു.

**2.6** വികസനഫണ്ടിൽ നിന്ന് നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങളിൽ തനത്ഫണ്ടും വകയിരുത്താവുന്നതാണെന്ന് നിശ്ചയിച്ചു.

**2.7** സേവാഗ്രാം ഗ്രാമകേന്ദ്രം പരിശീലനം സംബന്ധിച്ച് കില സമർപ്പിച്ച സമയ പട്ടിക അംഗീകരിച്ചു.

**2.8** വികസനഫണ്ടിൽ നിന്ന് അന്ധർക്ക് ടാക്കിംഗ് ലാപ്ടോപ് നൽകാൻ അനുവദിച്ച് തീരുമാനിച്ചു.

**2.9** പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം ആയുർവേദ– ഹോമിയോപ്പതി –യൂനാനി, സിദ്ധ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവയ്ക്ക് സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രത്യേക കോഡ് അനുവദിക്കാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകി.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 മാണിക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം.37887/ഡി.എ2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷ ഇപ്പോൾ പ്രസക്തമല്ലെങ്കിലും സർട്ടിഫിക്കേഷൻ ലഭിച്ച ശേഷമുള്ള സർവിയലൻസ് ഓഡിറ്റിന്റെ ചുമതല പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിനെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം. 38274/ഡി.ഡി2/14/തസ്വഭവ)**

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിക്കേണ്ടി വന്ന തുകയെ സംബന്ധിച്ച് ഓഡിറ്റ് പരാമർശമുള്ളതിനാൽ വകുപ്പു തല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.39211/ഡി.ഡി.2/14/തസ്വഭവ))**

കോഴഞ്ചേരി ആസാദ് വായനശാലയ്ക്ക് ടി.വിയും അനുബന്ധ സൗകര്യങ്ങളും നൽകിയ നടപടി ഓഡിറ്റ് പരാമർശമുള്ളതിനാൽ വകുപ്പുതല തീരുമാനം കൊക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.39207/ഡി.ഡി.2/14/തസ്വഭവ)**

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 2014–15 സാമ്പത്തിക വർഷം 2415500 രൂപ ചെലവിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾക്ക് നിലവിൽ അനുവാദം ഉള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്**
**(ബഹു. എം.എൽ.എ ശ്രീ. എ.കെ. ശശീന്ദ്രൻ മുഖേന സമർപ്പിച്ചത്)**

ചൊവ്വന്നൂർ ബ്ലോക്കിന്റെ കുടിവെള്ള പ്രോജക്ടുകൾ സംയുക്തമായി ഏറ്റെടുക്കാൻ നിലവിൽ വ്യവസ്ഥയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പാമ്പാക്കുട ഗ്രാമപഞ്ചായത്ത്**

പ്ലാസ്റ്റിക് രഹിത ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയുടെ ഭാഗമായി പാമ്പാക്കുട ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കോട്ടൺ ക്യാരി ബാഗ് വിതരണം എന്ന പ്രോജക്ടിന് അനുവാദം ആവശ്യപ്പെട്ടത് പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം.31199/ഡി.എ1/14/തസ്വഭവ)**

15 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകണമെന്ന ആവശ്യം ഇതു സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് (ഫയൽ നം.40183/ഡി.എ2/14/തസ്വഭവ)**

ഇ–സാക്ഷരത സംബന്ധിച്ച് നിലവിൽ കോഡ് ഉണ്ടെന്ന് അറിയിക്കാനും പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ധനസഹായം ലഭിച്ചുട്ടുണ്ടോ എന്ന് റിപ്പോർട്ട് ലഭ്യമാക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.31069/ഡി.ബി3/14/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.41399/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന വിജ്ഞാനോത്സവം പ്രോജക്ടിന് നിലവിൽ അനുമതി ഉള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മുതുകുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.40979/ഡി.ഡി2/14/തസ്വഭവ)**

എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണവും വിഭിന്നശേഷി യുള്ളവർക്ക് മുച്ചക്ര വാഹനം നൽകലും പദ്ധതികൾക്ക് കോഓർഡിനേഷൻ കമ്മിറ്റി നേരത്തെ അനുമതി നൽകിയിട്ടുള്ളതിനാൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തീക്കോയി ഗ്രാമപഞ്ചായത്ത് (ഫയൽ നം.39369 /ഡി.ഡി2/14/തസ്വഭവ)**2013–14

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ബാക്കിയുള്ള തുക അംഗൻവാടി ആശുപത്രിയടക്കമുള്ളവയുടെ മെയിന്റനൻസിനായി നോൺറോഡ് വിഭാഗത്തിലേയ്ക്ക് മാറ്റി ചെലവാക്കാൻ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 റോഡ് പുനരുദ്ധാരണ ഫണ്ടിലെ മിച്ചം തുക**

**(ഫയൽ നം.39689/ഡി.ഡി2/14/തസ്വഭവ)**

2010–11 ൽ അനുവദിച്ച റോഡ് പുനരുദ്ധാരണ ഫണ്ടിൽ മിച്ചം വന്ന തുക 2013–14 വർഷം വിനിയോഗിക്കണമെന്ന ആവശ്യം 2014–15–ൽ വിനിയോഗിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 നെന്മാറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.41139/എഫ്.എം.3/14/തസ്വഭവ)**

നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതി സംയുക്ത പ്രോജക്ടാക്കി ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ളാലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.41910/ഡി.ഡി.2/14/തസ്വഭവ)**

2014–15 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഹൈമാസ്റ്റ് സ്ഥാപിക്കൽ പദ്ധതി പരിഗണിക്കേ ണ്ടതില്ലെന്നും 2010–11 വർഷം അനുവദിച്ച റോഡ് പുനരുദ്ധാരണ ഫണ്ടിൽ മിച്ചം വന്ന തുക ഉപയോഗിച്ച് കരൂർ – ചൂരനോലിക്കൽ റോഡ് നിർമ്മാണം നടത്താനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം.40385/ഡി.ബി1/14/തസ്വഭവ)**

ഭവന നിർമ്മാണ നവീകരണ പ്രോജക്ടുകൾ ഡി.പി.സി. അംഗീകാരം കൂടാതെ തനത് ഫണ്ടിൽ നിന്നും നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം.33965/ഡി.ബി3/14/തസ്വഭവ)**

2013–14–ലെ 150 ലക്ഷം രൂപ അടങ്കൽ വരുന്ന സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ പ്രോജക്ടുകളുടെ വിശദവിവരങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 തിരുനാവായ ഗ്രാമപഞ്ചായത്ത് (ഫയൽ നം.68437/ഡി.എ1/14/തസ്വഭവ)**

2011–12–ൽ 690000 രൂപ ചെലവാക്കി കളിസ്ഥല നിർമ്മാണം എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് ക്ലാസ്സ് മുറി നിർമ്മാണം നടത്തിയതിന് 250000 ലക്ഷം രൂപയ്ക്ക് പകരം 2 ലക്ഷം രൂപയ്ക്ക് മാത്രമായി അംഗീകാരം വാങ്ങിയത് ക്രമവൽക്കരിക്കണമെന്ന ആവശ്യം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് വിശദീകരണം നേടാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മേലടി ബ്ലോക്ക് പഞ്ചായത്ത്**

മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പുനരുദ്ധാരണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കാനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പിറവം ഗ്രാമപഞ്ചായത്ത് (ഫയൽ നം.332561/ഡി.ബി3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച മാരുതി ഒമ്നി ആംബുലൻസ് ആശുപത്രി മാനേജ്മെന്റിന് കൈമാറണമെന്ന 18.06.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യത്തിന്മേൽ പഞ്ചായത്തിൽ പി.എച്ച്.സി. ഇല്ല എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കേരള സംസ്ഥാന പട്ടികജാതി–പട്ടികവർഗ വികസന സഹകരണ ഫെഡറേഷൻ (ഫയൽ നം.40628/ഡി.എ1/14/തസ്വഭവ**

ആയുർധാര എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഞീഴൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.37373ഡി.എ2/14/തസ്വഭവ)**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 വെള്ളനാട് ഗ്രാമപഞ്ചായത്ത് (ബഹു. നിയമസഭാ സ്വീക്കർ മുഖന സമർപ്പിച്ചത്**

പെരിഞ്ഞാറമൂല ട്രൈബൽ സ്ക്കൂളിന് വികസനഫണ്ട് ഉപയോഗിച്ച് വാഹനം എന്ന ആവശ്യത്തിന്മേൽ 5 ലക്ഷം രൂപ വിലയുള്ള 12 സീറ്റുള്ള വാഹനം വാങ്ങി നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 10212/ഡി.ബി.2/14/തസ്വഭവ)**

കായികമേളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി സംബന്ധിച്ച ആവശ്യത്തിന്മേൽ വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 നെടുമങ്ങാട് നഗരസഭ**

ഉറവിട മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് 2011–12–ൽ ശുചിത്വ മിഷനുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയുടെ സബ്സിഡി മാനദണ്ഡങ്ങൾ നടപ്പാക്കിയ കാലത്തേത് അനുസരിച്ച് ചെലവ് ക്രമീകരിച്ചു നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 പെരിങ്കടവിള ഗ്രാമപഞ്ചായത്ത്**

2013–14 വർഷത്തിൽ പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന് പകരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ റോഡ് മെറ്റലിംഗ്, ടാറിംഗ് പ്രവർത്തികൾക്ക് സീലിംഗ് തുകയെക്കാൾ കൂടുതൽ ചെലവു വന്ന നടപടി ക്രമീകരിക്കണമെന്ന ആവശ്യം 2014–15 വർഷത്തിലെ പശ്ചാത്തല മേഖലയിൽ കുറച്ച് കൊള്ളാമെന്ന വ്യവസ്ഥയിൽ 2013–14–ൽ അംഗീകാരമില്ലാത്ത ചെലവായി കണക്കാക്കി ക്രമീകരിക്കുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം ഉച്ചയ്ക്ക് 2.00 മണിക്ക് അവസാനിച്ചു.)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 09.07.2014 രാവിലെ 11 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***